# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3844** — **12.12.2018-ൽ മറുപടിക്ക്**

## സമാശ്വാസ തൊഴിൽദാന പദ്ധതിയിലെ വരുമാന പരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സമാശ്വാസ തൊഴിൽദാന പദ്ധതി ലഭിക്കുന്നതിന് നിലവിൽ കുടുംബ വാർഷിക വരുമാനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ കുടുംബത്തിലെ മറ്റംഗങ്ങൾക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കുമോ; | (എ) | വരുമാന പരിധി 8 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കുടുബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും കുടുംബപെൻഷൻ ഒഴികെയുള്ളതും, മറ്റ് എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മുഴുവൻ വരുമാനവും കണക്കാക്കും. കുടുംബത്തിൽ നിന്നും മാറി പ്രത്യേകം താമസിക്കുന്ന വിവാഹിതരായ മകൻ/മകൾ, കുടുബത്തിലെ മറ്റംഗങ്ങൾ എന്നിവരുടെ വരുമാനം പരിഗണിക്കുന്നതല്ല. 'ശമ്പളം' വരുമാനമായി കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളത്തോടൊപ്പം യാത്രാബത്ത ഒഴികെയുള്ള മറ്റ് എല്ലാ ആനുകൂല്യങ്ങളും കണക്കാക്കും. |
| (ബി) | സമാശ്വാസ തൊഴിൽദാന പദ്ധതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ആ കുടുംബത്തിലെ മറ്റംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഒഴിവാക്കിക്കൊണ്ട് കുടുംബ വാർഷിക വരുമാനം കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ